പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

18.11.2019 ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5678

# അരയ്ക്കുതാഴെ തളർന്ന കുട്ടികൾക്ക് ചികിത്സാസഹായം

ചോദ്യം

ശ്രീ.കെ. ദാസൻ

മറുപടി

കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) ജൻമനാ ഉള്ളതും അല്ലാത്തതുമായ കാരണങ്ങളാൽ അരയ്ക്കുതാഴെ തളർന്ന് കിടക്കുന്ന പതിനാറ് വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് ചികിത്സാസഹായമായി എന്തെല്ലാം ആനുകൂല്യങ്ങൾ ആണ് സാമൂഹ്യനീതി വകുപ്പ് വഴി ലഭ്യമാകുന്നത് വിശദമാക്കാമോ; | (എ) Rights of Persons with Disabilities Act അനുശാസിക്കുന്ന 40% ത്തിനും അതിനു മുകളിലും വൈകല്യബാധിതരായ സ്ത്രീകൾ, കുട്ടികൾ, പുരുഷന്മാർ, വൃദ്ധജനങ്ങൾ തുടങ്ങി സമൂഹത്തിലെ എല്ലാ വിഭാഗത്തിൽപ്പെട്ട ഭിന്നശേഷിക്കാർക്കും തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ ഫിക്സഡ് ഡെപ്പോസിറ്റായി (കോർപ്പസ് ഫണ്ട്) നിക്ഷേപിച്ചിട്ടുള്ള 2,55,59,000/- രൂപയുടെ പലിശയിനത്തിൽ ലഭിക്കുന്ന തുക കൊണ്ട് ശസ്ത്രക്രിയ ഉൾപ്പെടെയുള്ള ചികിത്സയ്ക്കായി പരമാവധി 5000/- രൂപ വരെ വകുപ്പ് മുഖേന അനുവദിക്കുന്നുണ്ട്. അടിയന്തിര സാഹചര്യം നേരിടേണ്ടി വരുന്ന ഭിന്നശേഷിക്കാർക്ക് പ്രാഥമിക ശുശ്രൂഷ നൽകൽ, അടിയന്തിര ശസ്ത്രക്രിയ, ആംബുലൻസ് സേവനം തുടങ്ങിയവയ്ക്കായി സ്ത്രീ പുരുഷ, ട്രാൻസ്ജെൻഡർ ഭേദമന്യേ 'പരിരക്ഷ' പദ്ധതിയിൽ നിന്നും ധനസഹായം അനുവദിക്കുന്നുണ്ട്.<br>കേരള സാമൂഹ്യ സുരക്ഷാ മിഷൻ വഴി നൽകുന്ന ആനുകൂല്യങ്ങൾ താഴെ പറയുന്നു.<br>1. അരയ്ക്ക് താഴെ തളർന്ന് കിടക്കുന്ന കുട്ടികൾ ഉൾപ്പെടെ ഒരു മുഴുവൻ സമയ പരിചാരകന്റെ സേവനം ആവശ്യമാം വിധം കിടപ്പിലായ രോഗികളേയും മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവരെയും ഗുരുതര രോഗങ്ങളുള്ളവരെയും പരിചരിക്കുന്നവർക്കായി പ്രതിമാസം 600 രൂപ ധനസഹായം നൽകുന്ന 'ആശ്വാസ കിരണം' പദ്ധതി<br>2. ജന്മനായുള്ള ഗുരുതരമായ രോഗങ്ങൾ, ജനിതക രോഗങ്ങൾ തുടങ്ങിയവ മൂലം പ്രയാസം അനുഭവിക്കുന്ന 18 വയസ്സുവരെയുള്ള കുട്ടികൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി പൂർണ്ണമായും സൗജന്യ ചികിത്സ ലഭ്യമാകുന്ന "താലോലം" പദ്ധതി സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട ആശുപത്രികൾ മുഖേന നടപ്പാക്കുന്നു. |

| | |
|---|---|
| | 3. "സ്പൈനൽകോഡ് ഇൻജ്വറി" മുഖേന പ്രയാസം അനുഭവിക്കുന്നവർക്കായുള്ള പുനരധിവാസ പദ്ധതി തൃശ്ശൂർ NIPMR ൽ ആരംഭിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി ഉടൻ തന്നെ ആരംഭിക്കുന്നതാണ്. |
| (ബി) ഇത്തരം കുട്ടികൾക്ക് മാസത്തിൽ ഒരു നിശ്ചിത തുക പെൻഷൻ പോലെ അനുവദിക്കുന്ന ഏതെങ്കിലും പദ്ധതി സർക്കാർ ആലോചിക്കുന്നുണ്ടോ; വിശദമാക്കാമോ; | (ബി) ഇത്തരം കുട്ടികൾക്ക് മാസത്തിൽ ഒരു നിശ്ചിത തുക പെൻഷൻ പോലെ അനുവദിക്കുന്ന പദ്ധതി നിലവിൽ വകുപ്പ് നടപ്പിലാക്കുന്നില്ല. എന്നാൽ ഇത്തരം കുട്ടികൾക്ക് ഗ്രാമപഞ്ചായത്തിൽ നിന്നും പ്രതിമാസം വികലാംഗ പെൻഷൻ അനുവദിക്കുന്നുണ്ട്. |
| (സി) മറ്റേതെങ്കിലും സർക്കാർ മേഖലകളിൽ നിന്ന് ഇത്തരം കുട്ടികൾക്ക് ഏതെങ്കിലും തരത്തിലുള്ള സഹായങ്ങൾ ലഭ്യമാണോ; വിശദമാക്കാമോ? | (സി) നിലവിലെ പദ്ധതി മാർഗ്ഗ രേഖ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന സഞ്ചാര സഹായികൾ, വീൽചെയർ, കൈകൊണ്ട് പയോഗിക്കുന്നതോ മോട്ടോർ മുഖേന പ്രവർത്തിക്കുന്നതോ ആയ പ്രത്യേകം രൂപകൽപ്പന ചെയ്ത ട്രൈസൈക്കിളുകൾ മുതലായവ വിതരണം ചെയ്യാവുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് പ്രതിവർഷം 28500/- രൂപ വരെ സ്കോളർഷിപ്പ് അനുവദിക്കുന്നുണ്ട്. |

Jasmin Thomas

സെക്ഷൻ ഓഫീസർ